**കേരള സർക്കാർ**

നം.ഡി.എ 1/549/2017/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, 31.07.2017.

**സർക്കുലർ**

**വിഷയം:-** തദ്ദേശസ്വയംഭരണ വകുപ്പ് -വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് - സംബന്ധിച്ച്

**സൂചന:-** 20.07.2017 ൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ നടപടിക്കുറിപ്പ്.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെപരിഗണനയ്ക്കായി സമർപ്പിക്കുന്ന വിഷയങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ സെക്ഷനുകളിലും വകുപ്പ് അദ്ധ്യക്ഷന്മാരുടെ ഓഫീസുകളിലും കൈകാര്യം ചെയ്തു വരുന്നു. പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്യാത്ത കാര്യങ്ങൾ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തശേഷം എടുക്കുന്ന തീരുമാനങ്ങളിൻമേൽ ബന്ധപ്പെട്ടവർ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. കോ-ഓർഡിനേഷൻ കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ കൃത്യമായ മോണിറ്ററിംഗ് വേണമെന്നും ടി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സർക്കാർ ഉത്തരവുകൾ /സർക്കുലറുകൾ/ കത്തുകൾ എന്നിവ ബന്ധപ്പെട്ടവർ കൃത്യമായി പുറപ്പെടുവിക്കണമെന്നും ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ എടുത്ത തീരുമാനങ്ങളിൻമേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് തുടർന്നു വരുന്ന മൂന്നാമത്തെ കോ-ഓർഡിനേഷൻ കമ്മിറ്റി മുൻപാകെ ലഭ്യമാക്കണമെന്നും കൃത്യമായ തുടർനപടി ഉണ്ടാകണമെന്നും ടി യോഗത്തിൽ തീരുമാനിച്ചിരുന്നു .ആയതിനാൽ കോ-ഓർഡിനേഷൻ കമ്മിറ്റി എടുത്ത തീരുമാനങ്ങളുടെ യോഗ നടപടിക്കുറിപ്പ് ലഭ്യമായലുടൻതന്നെ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും ഇക്കാര്യത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കണമെന്നും സ്വീകരിച്ച നടപടിറിപ്പോർട്ടിന്റെ പകർപ്പ് **മൂന്ന് ദിവസത്തിനകം** തദ്ദേശസ്വയംഭരണ(ഡി.എ.)വകുപ്പിനും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനും ലഭ്യമാക്കണമെന്നും **സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ഇത് സംബന്ധിച്ച റിപ്പോർട്ട് തുടർന്നു വരുന്ന മൂന്നാമത്തെ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ലഭ്യമാക്കേണ്ടതുമാണ്.**

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ,സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി,സംസ്ഥാന ആസൂത്രണ ബോർഡ്,പട്ടം,തിരുവനന്തപുരം
വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും (സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
**എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം**
തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും
**കരുതൽ ഫയൽ / ഓഫീസ് കോപ്പി**

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ